പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4973 — 30.06.2014 -ൽ മറുപടിയ്ക്ക്

# ബിവറേജസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

---

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/ പ്യൂൺ തസ്തികയിലെ നിയമനത്തിനായി പി.എസ്.സി അവസാനമായി വിജ്ഞാപനം പുറപ്പെടുവിച്ച്, നിയമന പട്ടിക തയ്യാറാക്കിയത് എന്നാണ് ; | (എ) | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/ പ്യൂൺ തസ്തികയിലെ നിയമനത്തിന് 19.11.2008 ൽ പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിക്കുകയും, അന്തിമ നിയമന പട്ടിക 28.12.2013 ൽ നിലവിൽ വരികയും ചെയ്തു. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചുവെന്നും എത്ര പേരെ ഇനി നിയമിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും അറിയിക്കുമോ ; | (ബി) | നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി നിയമന ശുപാർശ നൽകിയ 246 ഉദ്യോഗാർത്ഥികൾക്കും കോർപ്പറേഷൻ നിയമന ഉത്തരവ് നൽകി. 89 പേർ ജോലിയിൽ പ്രവേശിച്ചു. ഇതിൽ 2 പേർ ജോലി രാജിവച്ചു. അതിനാൽ 157 എൻ.ജെ.ഡി ഒഴിവുകളിലേയ്ക്കും 2 പുതിയ ഒഴിവുകളിലേയ്ക്കും കൂടി ആകെ 159 ഒഴിവുകളിലേയ്ക്ക് നിയമനം നൽകുവാനുണ്ട്. |
| (സി) | പ്രസ്തുത പി.എസ്.സി ലിസ്റ്റ് നിലവിലുള്ളപ്പോൾ തന്നെ മറ്റ് വകുപ്പുകളിൽ നിന്ന് ഈ തസ്തികയിലേക്ക് ജീവനക്കാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ? | (സി) | കോർപ്പറേഷനിൽ അംഗീകൃത സ്റ്റാഫ് പാറ്റേൺ നിലവിലില്ലാത്തതിനാൽ നിലവിലെ ആവശ്യകത അനുസരിച്ച് പി.എസ്.സി റാങ്ക് ലിസ്റ്റിലുള്ളവരുടെ നിയമനത്തെ ബാധിക്കാത്ത വിധം ഡെപ്യൂട്ടേഷൻ നിയമനം അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ